
# ജമാഅത്തെ ഇസ്‌ലാമിയും ഇബാദത്തും

കെ. എം. മൗലവി(ﷺ)

അൽമനാർ 1953 പുസ്തകം: 04 (ലക്കം: 5-10)



മത സിദ്ധാന്തങ്ങളെ വിവരിക്കുന്നതിൽ ജമാഅത്തെ ഇസ്‌ലാമിക്കാരുടെ സാഹിത്യങ്ങളിൽ പൊതുവിലും അതിന്റെ ജനയിതാവായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയുടെ കൃതികളിൽ പ്രത്യേകിച്ചും സത്യാസത്യം തിരിച്ചറിയുവാൻ സാധിക്കാത്തവിധം പല കുഴപ്പങ്ങളും കാണാം. അവയിൽ ഏറ്റവും പ്രധാനമായ ഒന്നാണ് 'ഇബാദത്തിനെ' പറ്റിയുള്ള വിവരണം. അത് കൊണ്ട് തദ്‌വിഷയത്തെ പൊതുജന ദൃഷ്ടിയിൽ കൊണ്ടുവരികയെന്നതാണ് എന്റെ ലേഖനോദ്ദേശ്യം. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി തന്റെ 'ഇസ്‌ലാം മതം' എന്ന ഗ്രന്ഥത്തിൽ ഇബാദത്തിനെ ഇങ്ങനെ വിവരിക്കുന്നു.

'ഒരു അടിമ തന്റെ യജമാനന്റെ ആജ്ഞാനുവർത്തിയായുംകൊണ്ട് എന്തൊക്കെ ചെയ്യുന്നുണ്ടോ അതിന്നാണ് 'ഇബാദത്ത്' അടിമവൃത്തി, ആരാധന എന്നൊക്കെ പറയുന്നത്.' (പേ. 118)

ഖുത്തുബാത്തിൽ ഇങ്ങനെ പറയുന്നു:

''ഇബാദത്ത് എന്നത് അബ്ദ്(عَبْدٌ) എന്നതിൽ നിന്ന് ഉത്ഭവിച്ചതാണ്. അബ്ദ്(عَبْدٌ) എന്നതിന്റെ അർത്ഥം അടിമ, ഭൃത്യൻ എന്നൊക്കെയാണ്. അപ്പോൾ ഇബാദത്തിന്റെ അർത്ഥം അടിമവൃത്തി, ഭൃത്യവേല എന്നിങ്ങനെ ആയിത്തീരുന്നു. മറ്റൊരുവന്റെ അടിമയെ ഒരു വ്യക്തി അവന്റെ സന്നിധിയിൽ അടിമയായി നിലകൊള്ളുകയും, യജമാനനോടു വർത്തിക്കേണ്ട ക്രമത്തിൽ അവനുമായി വർത്തിക്കുകയും ചെയ്യുന്നതിനാണ് ഇബാദത്ത് എന്നു പറയുന്നത്.'' (പേ.130).

ഈ വിവരണത്തിൽവന്നുപോയിട്ടുള്ള ഭീമമായ അബദ്ധം കാണുക; എല്ലാ നബിമാർ മുഖേനയും വന്നിട്ടുള്ള മത സിദ്ധാന്തങ്ങളിൽ വെച്ച് ഏറ്റവും പ്രധാനമായ അടിസ്ഥാന സിദ്ധാന്തം لا اله الا الله (അല്ലാഹു ഒഴികെ ഇബാദത്ത് ചെയ്യപ്പെടവാൻ അർഹനായി മറ്റാരുമില്ല) എന്നതാണെന്ന് ഏവരും സമ്മതിക്കുന്നതാണല്ലോ. ഇബാദത്ത്, യാതൊരു സൃഷ്ടിയും, സൃഷ്ടാവായ അല്ലാഹുവിന്നല്ലാതെ മറ്റാർക്ക് ഇബാദത്ത് ചെയ്യുന്നതും ഏറ്റവും വലിയ ശിർക്കും കുഫ്റുമാണെന്നും അങ്ങനെ ചെയ്യുന്നവർ ഇസ്‌ലാമിന്റെ വൃത്തത്തിൽ നിന്നു പുറത്തുപോകുന്നതാണെന്നും എല്ലാ നബിമാർ മുഖേനയും സ്ഥിരപ്പെട്ടിട്ടുള്ള മതവിധിയാണ്. അപ്പോൾ

(1) ഏതൊരാൾ ഒരു സൃഷ്ടിയുടെ മുമ്പിൽ അടിമത്വം സ്വീകരിക്കുന്നുവോ,

(2) ഏതൊരുവൻ മറ്റൊരു വ്യക്തി തന്റെ അടിമയായിരിക്കുന്നതിനെ അനുവദിക്കുന്നുവോ,

(3) ഏതൊരുവൻ ഒരടിമ തന്റെ യജമാനന്റെ ആജ്ഞകൾ അനുസരിക്കേണ്ടതുപോലെ മറ്റൊരു മനുഷ്യന്റെ ആജ്ഞകൾ അനുസരിക്കുന്നുവോ.

ഈ മൂന്ന് ഇനത്തിൽ പെട്ടവരും ജമാഅത്തെ ഇസ്‌ലാമിയുടെ വിവരണ പ്രകാരം മുശ്‌രിക്കുകളും കാഫിറുകളുമായിത്തീരുന്നതാണ്. ഒന്നും മൂന്നും ഇനത്തിൽപ്പെട്ടവർ അല്ലാഹുവല്ലാത്തവർക്ക് അടിമവൃത്തി ചെയ്യുന്നു. രണ്ടാമിനത്തിൽപെട്ടവർ അതിനെ തൃപ്തിപ്പെടുന്നു. ഇവിടെ ഒരു സംഗതി പ്രത്യേകം ശ്രദ്ധിക്കേണ്ടതായുണ്ട്. 'ശറഇയ്യായ' യുദ്ധത്തിൽ ബന്ധിക്കപ്പെടുന്നവരെ അടിമകളാക്കുന്നത് 'ജാഇസാ'ണെന്നും, അങ്ങനെ ശറഇയ്യായ ക്രമത്തിൽ അടിമകളായിത്തീരുന്നവർ അവരുടെ യജമാനന്മാരോട് വർത്തിക്കേണ്ടതായ ചില മുറകളുണ്ടെന്നും, ആ മുറകളനുസരിച്ചു

അടിമകൾ യജമാനന്മാരോട് വർത്തിക്കേണ്ടതാണെന്നും അല്ലാഹുവിന്റെ ആജ്ഞകൾക്ക് വിരുദ്ധമല്ലാത്ത വിധത്തിൽ യജമാനന്മാരുടെ ആജ്ഞകൾ അടിമകൾ അനുസരിക്കേണ്ടതാണെന്നും ഇസ്‌ലാം ദീനിൽ വിധിയുണ്ടെന്നുള്ളതിനെ ആർക്കും നിഷേധിക്കുവാൻ സാധ്യമല്ല. ജമാഅത്തെ ഇസ്‌ലാമി ഇബദത്തിനു കൊടുത്ത നിർവചനപ്രകാരം, ഈ വിധിയനുസരിച്ചു പ്രവർത്തിക്കുന്നതും, അത് സ്വീകരിക്കുന്നതും ഏറ്റവും വലിയ ശിർക്കും കുഫ്റുമാണെന്ന് വെളിപ്പെടുകയും ചെയ്യുന്നു. മാത്രമല്ല, സയ്യിദ് അബുൽ അഅ്ലാ മൗദൂദി സാഹിബ് തന്റെ 'മിൻഹാജുൽ ഇൻഖിലാബിൽ ഇസ്‌ലാമി'(منهاج الإنقلاب الإسلامى) എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു:

فعليك ان تنكر كلّ نوع من انواع العبوديّة والطّاعة والخضوع لا احد من دونه (الى من دون الله)

''അപ്പോൾ لا اله الا الله എന്നതിന്റെ താൽപര്യം നീ സ്വീകരിക്കുമ്പോൾ – അടിമത്വത്തിന്റെ വകുപ്പുകളിൽ നിന്നുള്ള എല്ലാ വകുപ്പുകളും, അനുസരണത്തിന്റെ വകുപ്പുകളിൽനിന്നുള്ള എല്ലാ വകുപ്പും, താഴ്മകാണിക്കലിന്റെ വകുപ്പുകളിൽനിന്നുള്ള എല്ലാവകുപ്പും, അല്ലാഹുവിന്ന് പുറമെ ആർക്കും ചെയ്യുന്നതിനെയും പ്രതിഷേധിക്കുകയെന്നത് നിന്റെ കടമയാകുന്നു.''

അപ്പോൾ അല്ലാഹു അല്ലാത്തവർക്കു അടിമയായിരിക്കുന്നതിനെ സ്വീകരിക്കുന്നതും, അല്ലാഹു അല്ലാത്തവരോട് അനുസരണം കാണിക്കുന്നതും അല്ലാഹു അല്ലാത്ത ആർക്കും താഴ്മ ചെയ്യുന്നതും നിഷേധ്യമാകുന്നുവെന്നാണല്ലോ ഈ വാചകം വ്യക്തമാക്കുന്നത്. എന്നാൽ നബി(ﷺ) തിരുമേനിയുടെ ഒരു വചനം കാണുക.

الْمَمْلُوكُ الَّذِى يُحْسِنُ عِبَادَةَ رَبِّهِ وَيُؤَدِّى إِلَى سَيِّدِهِ الَّذِى لَهُ عَلَيْهِ مِنَ الْحَقِّ وَالنَّصِيحَةِ وَالطَّاعَةِ لَهُ أَجْرَانِ

(رواه البخارى ، رياض الصالحين – 525)

''തന്റെ റബ്ബിന് ചെയ്യേണ്ടതായ ഇബാദത്തിനെ നന്നായി (കാപട്യരഹിതമായും ക്രമമായും) നിർവഹിക്കുകയും. തന്റെ യജമാനന് താൻ നിർവഹിക്കേണ്ടതായ അവകാശവും അനുസരണവും ഗുണകാംക്ഷയും യജമാനന്നു നിർവഹിക്കുകയും ചെയ്യുന്ന അടിമ (അന്യന്റെ ഉടമയിലുള്ളവർ) ആരോ അവന്ന് രണ്ട് പ്രതിഫലമുണ്ട്.''

**മുസ്‌ലിംകളിൽ പ്രാപ്തിയും നീതി നിഷ്ടയുമുള്ളവരെല്ലാം ഒഴിഞ്ഞു മാറിനിൽക്കുന്ന പക്ഷം നാട്ടിൽ പൊതുവെ അനീതിയും, അക്രമപരമായ നിയമങ്ങൾ മൂലം മുസ്‌ലിംകൾക്ക് തന്നെ കൂടുതൽ ദ്രോഹങ്ങളും അനുഭവിക്കേണ്ടതായിവരുന്നതാണ്**

ഈ അർത്ഥത്തിലുള്ള വേറെയും പല ഹദീസുകളും കാണാം. ഇതിൽ നിന്നും നാം പഠിക്കുന്നതെന്താണ്? ഒരു മനുഷ്യൻ അല്ലാഹു അല്ലാത്തവർക്ക് അടിമയായി രിക്കുകയെന്നത് നിഷേധ്യമല്ല. അത് ഇസ്‌ലാമിൽ അനുവദനീയമാണ്. അവൻ അല്ലാഹുവിന് ഇബാദത്ത് ചെയ്യുക എന്ന കാര്യവും, യജമാനനോട് അനുവർത്തി ക്കേണ്ട മുറപ്രകാരം അവന്റെ അവകാശം നിർവഹി ക്കുക, അവനെ അനുസരിക്കുക, അവന്റെ ഗുണകാം ക്ഷിയായിരിക്കുക, എന്നീകാര്യങ്ങളെല്ലാം ഒരാളുടെ അടിമയായിരിക്കുന്നവൻ ചെയ്യുകയും വേണം; അങ്ങനെ അല്ലാഹുവിന് മാത്രം ചെയ്യേണ്ടതുമായ ഇബാദത്തും, യജമാനന് ചെയ്യേണ്ടതായ അടിമവൃത്തിയും, അനുസരണയും, ഗുണകാം ക്ഷയുമെല്ലാം ക്രമമായി നിറവേറ്റുന്ന അടിമക്ക് അല്ലാഹു അവന്റെ പ്രതിഫലം രണ്ടു പ്രാവിശ്യം നൽകും. ഇതാണ് നാം ഈ തിരുവചനത്തിൽ നിന്നു പഠിക്കുന്നത്. അടിമവൃത്തിയും, അനുസരണവും, ഗുണകാംക്ഷയും എല്ലാവരും അല്ലാഹുവിന്നും നിറവേറ്റണം. അവയെല്ലാം അല്ലാഹുവിന്ന് നിറവേറ്റുന്നത് അങ്ങേയറ്റമായ താഴ്മയോടുകൂടി ആയിരിക്കുകയും വേണം. അപ്പോൾ ആ വിചാരം മൂലം അവയെല്ലാം അവന്നുള്ള ഇബാദത്തായിത്തീരുകയും ചെയ്യുന്നതാണ്. മാത്രമല്ല, ദീനിൽ അനുവദിക്കപ്പെട്ട ഏതുകാര്യം ചെയ്യുന്നതും അല്ലാഹുവിന്റെ അറ്റമില്ലാത്ത ആ മഹത്വം, ആ അദൃശ്യമായ മാഹാത്മ്യം പ്രമാണിച്ചു അവന്റെ യാഥാർത്ഥമായ അടിമയായി ജീവിക്കുക തന്നെ വേണം. അവന്നല്ലാതെ മറ്റാർക്കും അത്യധികമായ വന്ദനം പാടില്ല എന്ന വിചാരത്തോടും ധ്യാനത്തോടും കൂടിയായിരിക്കുമ്പോൾ ആ വിചാരത്തെ ആധാരമാക്കി ഒരു ഏകദൈവവിശ്വാസിയുടെ ഇങ്ങനെയുള്ള എല്ലാ പ്രവൃത്തികളും അല്ലാഹുവിനു ചെയ്യുന്ന ആരാധനകളുടെ കൂട്ടത്തിൽപെടും. എന്നാൽ അടിമ തന്റെ യജമാനനോട് ചെയ്യുന്ന

അടിമവൃത്തിയിലും ഗുണകാംക്ഷയിലും അനുസരണത്തിലും, അടിമ തന്റെ യജമാനനെ അത്യധികമായി വന്ദിക്കുന്നില്ല. സാധാരണമായ ഒരു വന്ദനം മാത്രമേ അവനെ വന്ദിക്കുന്നുള്ളൂ. അങ്ങേയറ്റമായ താഴ്മ യജമാനനു ചെയ്യുന്നില്ല. സാധാരണമായ താഴ്മ മാത്രമേ ചെയ്യുന്നുള്ളൂ. പ്രത്യുത യജമാനന്നു അടിമ അങ്ങേയറ്റമായ താഴ്മ ചെയ്യുന്നതായാൽ അവൻ യജമാനന് ഇബാദത്ത് ചെയ്തതായി വരും. ഇതാണ് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നതു കാണുക:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَأُوْلِي ٱلۡأَمۡرِ مِنكُمۡۖ ﴾ النساء: ٥٩

''വിശ്വസിച്ചവരെ നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവീൻ! റസൂലിനേയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥൻന്മാരെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുവീൻ!''

ഇതേപ്രകാരംതന്നെ, സ്ത്രീ അവളുടെ ഭർത്താവിനെയും, സന്തതികൾ അവരുടെ മാതാപിതാക്കന്മാരെയും, അനുസരിക്കണമെന്നും ഖുർആൻ ആജ്ഞാപിക്കുന്നു. പക്ഷെ

لا طَاعَةَ لِمَخْلُوقٍ فِي مَعْصِيَةِ الْخَالِقِ

''സ്രഷ്ടാവിന്നു വിരോധമായി സൃഷ്ടിക്ക് വഴിപ്പെടരുതുന്നും.''[1]

إنما الطاعةُ في المعروفِ

''അനുസരിക്കൽ നല്ലതിൽ മാത്രമാണ്''[2]

എന്നും ഉള്ള ഹദീസുകൾ മൂലം അല്ലാഹുവിന്റെ കൽപനകൾക്കു വിരോധമായ യാതൊരു സൃഷ്ടിയേയും അനുസരിക്കുവാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. അടിമവൃത്തിയിൽ ഉൽപ്പെട്ടിട്ടുള്ളതാണ് അടിമ അവന്റെ യജമാനനെ അനുസരിക്കുകയെന്നത്. ഇത് എല്ലാവരും സമ്മതിക്കുന്ന ഒരു പരമാർത്ഥം മാത്രമാണ്. അനുസരണമില്ലാത്തേടത്ത് 'അടിമവൃത്തി' ഇല്ലെങ്കിലും അനുസരണം വേണം. മക്കൾ മാതാപിതാക്കളുടെ അടിമകളല്ലല്ലോ. ഒരു നബിയുടെ 'ഉമ്മത്ത്' ആ നബിയുടെ അടിമകളാവണമെന്നില്ല. പ്രജകൾ അധികാരസ്ഥന്മാരുടെയും അടിമകളല്ല. ഭാര്യ ഭർത്താവിന്റെ അടിമയല്ല തന്നെ. ഇവിടെയല്ലാവരും അനുസരണം കൂടിയേ തീരൂ. ഈ സംഗതികളെല്ലാം ഖുർആനിലും ഹദീസിലും പൂർണമായി വ്യക്തമാക്കിയിട്ടുള്ളതും, മുസ്‌ലിം ലോകം നിരാക്ഷേപം സ്വീകരിച്ചുവരുന്ന മൗലിക സിദ്ധാന്തങ്ങളിൽപെട്ടതുമാകുന്നു. എന്നാൽ ഇബാദത്തിന്റെ വിധം ഇതല്ല. സമുദായങ്ങൾ അവരുടെ റസൂൽമാരെ അനുസരിക്കൽ നിർബന്ധമാണ്. എന്നാൽ 'ഉമ്മത്ത്' അവരുടെ റസൂലിന്ന് ഇബാദത്ത് ചെയ്യൽ ശിർക്കും കുഫ്റും തന്നെയാകുന്നു.

ഭാര്യ ഭർത്താവിന്നാകട്ടെ, സന്തതികൾ മാതാപിതാക്കൾക്കാകട്ടെ, പ്രജകൾ അധികാരസ്ഥന്മാർക്കാകട്ടെ, അല്ലാഹുവല്ലാത്ത മറ്റാർക്കാകട്ടെ, ഇബാദത്ത് ചെയ്യൽ പൊറുക്കപ്പെടാത്ത ശിർക്കാണെന്നു എല്ലാ നബിമാർ മുഖേനയും അിറയിക്കപ്പെട്ടിട്ടുള്ള മൗലിക സിദ്ധാന്തമാണ്. അപ്പോൾ ഖുർആനിൽ വിശ്വസിക്കുന്ന ഏതൊരാൾക്കും ജമാഅത്തെ ഇസ്‌ലാമിക്കാരുടെ ഇബാദത്തിന്റെ നിർവചനം സ്വീകരിക്കാൻ നിവൃത്തിയില്ലെന്നു തെളിഞ്ഞു. ഈ നിർവചനം മൂലം ഇവരുടെ പ്രസ്ഥാനം തന്നെ അല്ലാഹും അവന്റെ വേദഗ്രന്ഥങ്ങളും വെളിപ്പെടുത്തിത്തന്നിട്ടുള്ളതിനു കടക വിരുദ്ധമാണ്.

ജമാഅത്തെ ഇസ്‌ലാമിക്കാരുടെ ചിന്തപോയതു എത്രകണ്ട് അഗാധഗർത്തത്തിലേക്കാണെന്നു നോക്കുക. അവരുടെ നിർവചനത്തെ തന്നെ സമർഥിക്കുന്നതിന് അവർ ചെയ്യുന്ന പാഴ്‌വേല എത്ര അത്ഭുകരം! ഇവരും നാമും തമ്മിലുള്ള തർക്കം ഏതു വിഷയത്തിലാണെന്ന് ഞാൻ വ്യക്തമാക്കാം. ഇസ്‌ലാമിന്റെ വിധിയിൽ ശരിയായ ഇബാദത്ത് ഏതൊക്കെയാണെന്നതിനെക്കുറിച്ചല്ല തർക്കം.

[1] ശൈഖ് അൽബാനി(ﷺ) ഈ ഹദീസ് صحيح എന്ന് അദ്ദേഹത്തിന്റെ صحيح الجامع എന്ന ഗ്രന്ഥത്തിൽ(7520) പ്രസ്താവിച്ചിരിക്കുന്നു.
[2] ബുഖാരി(7257)

ഇബാദത്ത് എന്ന പദം ആലങ്കാരികമായി ഏതെല്ലാം അർഥത്തിൽ ഉപയോഗിക്കുമെന്നതിനെക്കുറിച്ചുമല്ല. പിന്നെയോ, ഇബാദത്ത് എന്നതിന്റെ സാക്ഷാൽ അർത്ഥമെന്ത്? ഇത് സംബന്ധിച്ചാണ് നാമും ജമാഅത്തുകാരും തമ്മിലുള്ള തർക്കം. ഞങ്ങൾ പറയുന്നു: ഏറ്റവും അങ്ങേ അറ്റത്തെ കീഴ്വണക്കം; അല്ലെങ്കിൽ താഴ്മ കാണിക്കൽ എന്നാണ് ഇബാദത്തിന്റെ സാക്ഷാൽ അർത്ഥമെന്ന്. ഒരു വസ്തുവിൽ നിഗൂഢമായിക്കിടക്കുന്ന അധികാരശക്തിയോ അദൃശ്യമായ മഹത്വമോ സങ്കല്പിച്ചുകൊണ്ടു ആ വസ്തുവിനെ അധികമായ വിനയത്തോടെ വന്ദിക്കുക, അഥവാ ആ വസ്തുവിന്നു അങ്ങേ അറ്റമായ താഴ്മ ചെയ്യുക. ഇതിന്നാണ് ഇബാദത്ത് എന്നു നാം പറയുന്നത്. എന്നാൽ കേരള ജമാഅത്തെ ഇസ്ലാമിയുടെ പ്രധാന പ്രവർത്തകന്മാരിൽ ഒരാളയ ജനാബ് കെ.സി അബ്ദുല്ല മൗലവി പ്രസിദ്ധീകരണം ചെയ്ത ഒരു നോട്ടീസിൽ അവരുടെ വാദം സ്ഥാപിക്കുവാനായിക്കൊണ്ടുവന്ന രണ്ടു തെളിവുകളെപ്പറ്റിയാണ് ഇവിടെ വിവരിക്കുവാനുദ്ദേശിക്കുന്നത്. അവയിലൊന്ന്:

“ ﴿ يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمُ ﴾ البقرة: ٢١ ” എന്ന ആയത്തിലെ ഇബാദത്ത് എന്താണ്? അതിന്റെ ശാഖകൾ എന്തെല്ലാമാണ്? ദീൻ മുഴുവൻ അതിൽ ഉൾപ്പെടുമോ ഇല്ലയോ? ‘ഉബൂദിയ്യത്തി’ന്റെ യഥാർത്ഥ തത്വമെന്ത്? അത് ഇഹത്തിലും പരത്തിലുമുള്ള പദവികളിൽ ഏറ്റവും ഉന്നതമായതാണോ? അതോ, അതിന്റെ മീതെയായി വല്ല പദവികളുമുണ്ടോ? എന്ന ചോദ്യത്തിന്ന്[3] ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ എഴുതിയ ഉത്തരത്തിന്റെ ചിലഭാഗങ്ങളാകുന്നു.

ഇവിടെ ഇബാദത്തിന്റെ സാക്ഷാൽ നിർവചനത്തെക്കുറിച്ചല്ല ചോദ്യം. മറുപടിയും അതിന്നല്ല. ഇസ്ലാം ദീനിൽ ശരിയായ ഇബാദത്ത് എന്താണ്? അതിന്റെ ശാഖകൾ എന്തൊക്കെയാണ്? ഇതാണ്.

ചോദ്യം. ഇവിടത്തെ ചോദ്യം തന്നെ ﴿ يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمُ ﴾ എന്ന സൂക്തത്തിലെ ഇബാദത്തിനെക്കുറിച്ചാണ്. ഇബാദത്ത്, അല്ലാഹു ഇഷ്ടപ്പെടുകയും പൊരുത്തപ്പെടുകയും ചെയ്യുന്ന ബാഹ്യവും ആന്തരവുമായ എല്ലാ വാക്കുകളേയും പ്രവൃത്തികളേയും ഉൾക്കൊള്ളുന്ന ഒരു പേരാണ് എന്ന് പറഞ്ഞുകൊണ്ട് അതിന്റെ കുറെ ശാഖകളേയും വിവരിക്കുകയാണ് ശൈഖുൽ ഇസ്ലാം ചെയ്തത്.

ഈ ചോദ്യോത്തരങ്ങളും നമ്മുടെ തർക്കവിഷയവുമായി ബന്ധമില്ല. നാമും ജമാഅത്തെ ഇസ്ലാമിക്കാരും തമ്മിലുള്ള തർക്കം ഇസ്ലാം ദീനിൽ ശരിയായ ഇബാദത്ത് എങ്ങനെയുള്ളതാകുന്നുവെന്നതിനെ പറ്റിയല്ല. ഇബാദത്തിന്റെ പൊതുവായ അർഥത്തിലാണ് തർക്കം. അതായത്, ഇസ്ലാമികമായ ഇബാദത്തിന്റെ പൊതുവായ അർഥത്തിലാണ് തർക്കം. അതായത്, ഇസ്ലാമികമായ ഇബാദത്തിനെയും ശിർക്കുപരമായ ഇബാദത്തിനെയും ഉൾക്കൊള്ളുന്ന കേവലമായ അർത്ഥത്തിൽ അതിന്റെ നിർവചനമെന്താണെന്നതിനെക്കുറിച്ചാണ്. ‘ഒരു അടിമ തന്റെ യജമാനന്റെ ആജ്ഞാനുവർത്തിയായുംകൊണ്ട് എന്തൊക്കെ ചെയ്യുന്നുണ്ടോ അതിന്നാണ് ഇബാദത്ത്, അടിമവൃത്തി, ആരാധന എന്നൊക്കെ പറയുന്നത്’’ എന്നാണ് ജമാഅത്തെ ഇസ്ലാമിക്കാർ കൊടുക്കുന്ന പൊതുവ്യാപകമായ നിർവചനം. ഇബാദത്തിന്ന് ഈ നിർവചനം കൊടുക്കുന്നത് കൊണ്ട് എല്ലാ നബിമാർ മുഖേനയും അല്ലാഹു ഇറക്കിയ സകല വേദഗ്രന്ഥങ്ങളേയും ഇവർ നിഷേധിച്ചതായി വന്നുപോകുന്നുണ്ടെന്ന് ഞാനുണർത്തുന്നു. ഈ തർക്കവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ചോദ്യോത്തരം എടുത്തുദ്ധരിക്കുവാൻ ഒരു അിറവുള്ള സഹോദരൻ തുനിഞ്ഞുകാണുന്നതിൽ ഞാനത്ഭുതപ്പെടുന്നു.

ഇനി അവരുടെ വാദം സ്ഥാപിക്കുവാനായി കൊണ്ടുവന്ന രണ്ടാമത്തെ തെളിവിനെപറ്റി പരിശോധിക്കാം. അതിപ്രകാരമാണ്: ‘‘മേൽപ്പറഞ്ഞ പ്രസ്താവനക്ക് പുറമേ, ഇമാം റാസിയുടെ താഴെ കൊടുക്കുന്ന പ്രസ്താവനകൂടി വായിച്ചാൽ തെറ്റിദ്ധാരണകൾ നീങ്ങുമെന്നാശിക്കുന്നു.

[3] പ്രസ്തുത ചോദ്യം ഇപ്രകാരമാണ്:

وَسُئِلَ الشَّيْخُ رَحِمَهُ اللَّهُ: عَنْقولهِ عَزَّ وَجَلَّ: {يَا أَيُّهَا النَّاسُ اُعْبُدُوا رَبَّكُمْ} فَمَا الْعِبَادَةُ وَفُرُوعُهَا ؟ وَهَلْ مَجْمُوعُ الدِّينِ دَاخِلٌ فِيهَا أَمْ لَا ؟ وَمَا حَقِيقَةُ الْعُبُودِيَّةِ ؟
وَهَلْ هى أَعْلَى الْمَقَامَاتِ فِي الدُّنْيَا وَالْآخِرَةِ أَمْ فَوْقَهَا شَيْءٌ مِنْ الْمَقَامَاتِ ؟ وَلْيَبْسُطُوا لَنَا الْقَوْلَ فِي ذَلِكَ . (الفتاوى الكبرى(5/155))

يس: ٦٠ ﴿ أَلَمْ أَعْهَدْ إِلَيْكُمْ ﴾ എന്ന ആയത്തിന്റെ തഫ്സീറിൽ ഇമാം റാസി(ﷺ) ഇപ്രകാരം പറയുന്നു: 'ശൈത്താന്ന് ഇബാദത്ത് ചെയ്യരുത് എന്നതിന്റെ അർഥം അവനെ അനുസരിക്കരുത് എന്നാണ്. കാരണം, വിരോധിക്കപ്പെട്ടത് അവന് സുജൂദ് ചെയ്യൽ മാത്രമല്ല, അവന്റെ കല്പനക്ക് കീഴ്പ്പെടലും അവനെ അനുസരിക്കലുമെല്ലാം വിരോധിക്കപ്പെട്ടത് തന്നെയാണ് അപ്പോൾ അനുസരണം ഇബാദത്താണ്. അങ്ങനെയാണെങ്കിൽ النساء: ٥٩ ﴿ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ وَأُو۟لِى ٱلْأَمْرِ مِنكُمْ ﴾ എന്ന ആയത്ത് പ്രകാരം അധികാര വർഗത്തിന്നു ഇബാദത്തു ചെയ്യണമെന്നു അല്ലാഹു നമ്മോടു കല്പിച്ചുവെന്നിവരില്ലേ? എന്നൊരു ചോദ്യം ഇവിടെ ഉന്നയിക്കേണ്ടതില്ല. കാരണം, അവരെ അനുസരിക്കുകയെന്നത് അല്ലാഹുവിന്റെ കല്പന പ്രകാരമാകുമ്പോൾ അത് അല്ലാഹുവിന്ന് തന്നെയുള്ള ഇബാദത്തും അനുസരണവും മാത്രമേ ആകുന്നുള്ളു എന്ന് മാത്രമോ? അല്ലാഹു അല്ലാത്ത മറ്റു വല്ലതിന്നും സുജൂദും റുക്കൂഉം ചെയ്യുകയെന്നത് തന്നെയും അല്ലാഹുവിന്റെ കല്പന പ്രകാരമാവുമ്പോൾ അതും അല്ലാഹുവിന്നുള്ള ഇബാദത്ത് മാത്രമേ ആകുന്നുള്ളൂ. മലക്കുകൾ ആദമിന്ന് സുജൂദ് ചെയ്തു. അത് അല്ലാഹുവിന്നു തന്നെയുള്ള ഇബാദത്തായിരുന്നുവല്ലോ. ഇനി അല്ലാഹു അനുവദിക്കാത്തതിനാലാണ് അധികാര വർഗത്തെ അനുസരിക്കുന്നതെങ്കിൽ അത് അവർക്ക് ഇബാദത്ത് ചെയ്യൽ തന്നെയായിരിക്കും. ശൈത്താനിൽ നിന്ന് നേരിട്ട് നാം യാതൊന്നും കേൾക്കാതെയും അവനെ നേരിട്ട് കാണാതെയും ഇരിക്കെ, ശൈത്താനെ അനുസരിക്കുക എന്നതും അല്ലാഹുവിനെ അനുസരിക്കുക എന്നതും നമുക്ക് എങ്ങനെ വേർതിരിച്ചറിയാൻ കഴിയുമെന്ന് ചോദിക്കുകയാണെങ്കിൽ അതിന്നുള്ള ഉത്തരം, ശൈത്താന്നു ഇബാദത്ത് ചെയ്യുക എന്നത് ഉണ്ടാകുന്നത് അല്ലാഹുവിന്റെ കല്പനക്ക് എതിർ പ്രവർത്തിക്കുന്നതിലാണ്. ഇനി അല്ലാഹു കല്പിച്ച ഒരു സംഗതി തന്നെ അത് അല്ലാഹു കല്പിച്ചതാണെന്ന നിലക്കല്ലാതെ മറ്റാരെങ്കിലും കല്പിച്ച കാരണത്താൽ ചെയ്യുകയാണെങ്കിൽ അതും ശൈത്താന്നുള്ള ഇബാദത്ത് ചെയ്യൽ തന്നെയാണ്. ചിലപ്പോൾ ശൈത്താൻ നിന്നോട് കല്പിക്കൽ അവൻ മറ്റുള്ളവരിൽ പ്രവേശിച്ചുകൊണ്ടായിരിക്കും ചിലപ്പോൾ അവൻ നിന്നിൽ തന്നെ പ്രവേശിച്ചുകൊണ്ടുമായിരിക്കും. അപ്പോൾ നിന്നോട് ആരെങ്കിലും വല്ലതും കല്പിച്ചാൽ, അത് അല്ലാഹുവിന്റെ കല്പനക്ക് യോജിച്ചതോ അല്ലയോ എന്നു നീ നോക്കണം യോജിച്ചതല്ലെങ്കിൽ ആ മനുഷ്യനോട് കൂടെ ശൈത്താന്നുണ്ട്. ആ ശൈത്താനാണ് വാസ്തവത്തിൽ നിന്നോട് അത് കല്പിക്കുന്നത്. അപ്പോൾ നീ അവനെ അനുസരിച്ചാൽ നീ ആ ശൈത്താന്ന് ഇബാദത്ത് ചെയ്തു. ഇനി നിന്റെ നഫ്സ് വല്ലതും ചെയ്യാൻ നിന്നെ പ്രേരിപ്പിച്ചാൽ അതു ശറഇൽ അനുവദിക്കപ്പെട്ടതാണോ എന്നു നീ നോക്കണം. അനുവദിക്കപ്പെട്ടതല്ലെങ്കിൽ, നിന്റെ നഫ്സ് തന്നെയാണ് ശൈത്തൈൻ അല്ലെങ്കിൽ നിന്റെ നഫ്സോടുകൂടെ ശൈത്താന്നുണ്ട്. അങ്ങനെ ആ പ്രേരണക്ക് നീ വഴങ്ങിയാൽ, അപ്പോൾ നീ ശൈത്താന്ന് ഇബാദത്ത് ചെയ്തു.'' (مفاتيح الغيب, വാല്യം: 7, പേജ്: 103,104) കെ.സി അബ്ദുല്ല മൗലവിയുടെ 'ഇന്നലത്തെ പ്രസംഗം' എന്ന ലഘുലേഖ. (പേ:.5,6)

يس: ٦٠ ﴿ ۞ أَلَمْ أَعْهَدْ إِلَيْكُمْ يَـٰبَنِىٓ ءَادَمَ أَن لَّا تَعْبُدُوا۟ ٱلشَّيْطَـٰنَ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٠﴾ ﴾
''ഞാൻ നിങ്ങളോട്, ആദമിന്റെ സന്തതികളേ, നിങ്ങൾ പിശാചിനെ അനുസരിക്കരുതെന്നാ ജ്ഞാപിച്ചിരിക്കുന്നു അവൻ നിശ്ചയമായും നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാണ്. നിങ്ങൾ എന്നെ അനുസരിക്കുവിൻ! ഇത് ചൊവ്വായ മാർഗമാകുന്നു.''

എന്ന ആയത്തിന്റെ തഫ്സീറിൽ ഇമാം റാസി(ﷺ) പറഞ്ഞിട്ടുള്ള ഈ പ്രസ്താവന ജമാഅത്തെ ഇസ്ലാമിക്കാരുടെ ഇബാദത്തിന്റെ അർഥം തെളിയിക്കുവാനായി കൊണ്ടുവന്നത് കണ്ടപ്പോൾ, കെ.സി യെ പോലുള്ളവർക്ക്, വിശിഷ്യാ, ഓരോ മുസ്ലിമിന്നും ഉണ്ടായിരിക്കേണ്ടതായ വിശ്വസ്തത എന്ന ഗുണം തന്നെ ജമാഅത്തെ ഇസ്ലാമിക്കാരിൽ നിന്നു നശിച്ചിരിക്കുന്നവെന്നു തോന്നിപ്പോകുന്നു. എന്തുകൊണ്ടെന്നാൽ ഈ ആയത്തിൽ ഇബാദത്തിനെ അതിന്റെ സാക്ഷാൽ അർഥത്തിലല്ല ഉപയോഗിച്ചിട്ടുള്ളത്. അത് കൊണ്ടുദ്ദേശിക്കാവുന്ന ഒരു ആലങ്കാരികാർഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളതെന്നതിന്ന് തെളിവ് ഈ ആയത്തിൽ തന്നെ ഉണ്ടെന്ന് കെ.സിക്ക് തന്നെ അറിയാം. നോക്കുക! നിങ്ങൾ പിശാചിന്ന് ഇബാദത്ത് ചെയ്യരുതെന്ന് വിരോധിച്ച ഉടനെതന്നെ അല്ലാഹു അതിനുള്ള കാരണവും വെളിപ്പെടുത്തുന്നു''നിശ്ചയമായും അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാണ്'' എന്നാണ്. അല്ലാഹു തുടർന്ന് പറയുന്നതും ഇവിടെ സാക്ഷാൽ ഇബാദത്തായിരുന്നു ഉദ്ദേശിക്കപ്പെട്ടിരുന്നതെങ്കിൽ അങ്ങനെയുള്ള പല സ്ഥലങ്ങളിലും അല്ലാഹു പറയാറുള്ളപോലെ അവൻ നിങ്ങൾക്ക് യാതൊരുപകാരമോ ഉപദ്രവമോ ചെയ്യുവാൻ കഴിവുള്ളവനല്ല എന്നോ ഈ

അർഥത്തിലുള്ള മറ്റു വാക്കുകളോ ആയിരുന്നു പറയേണ്ടിയിരുന്നത്. ഇതു ഏവർക്കും പ്രത്യക്ഷത്തിൽ കാണാവുന്ന ഒരു സംഗതിയാണ്. എന്നാൽ ഇവിടെ ‘അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണ് എന്ന കാരണം കൊണ്ട് നിങ്ങൾ അവന്നു ഇബാദത്ത് ചെയ്യരുതെന്ന് വ്യക്തമാക്കിയതു കൊണ്ടു തന്നെ ഇവിടെ ആലങ്കാരികാർഥത്തിലാണ് ഇബാദത്തിനെ ഉപയോഗിച്ചിട്ടുള്ളതെന്നു സ്പഷ്ടമാണ്. ﴿ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٠﴾ ﴾ يس: ٦٠ എന്ന കാരണമോ അതിന്റെ തഫ്സീറോ കെ.സി ഉദ്ധരിച്ചതുമില്ല. ‘‘പിശാചിന്റെ മാർഗങ്ങളെ നിങ്ങൾ പിന്തുടരരുത്.’’ എന്ന സൂക്തത്തിന്റെ അർഥത്തിൽ തന്നെയാണ് പ്രസ്താവത്തിലെ ആയത്തുമെന്ന് ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

ഇതിന്നും പുറമേ, ഇവിടെ ഇമാം റാസി(ﷺ) പറഞ്ഞിട്ടുള്ള ഈ വിവരണത്തിന്റെ അവസാനം വരെ കെ.സി എഴുതിയിരുന്നുവെങ്കിൽ ഇമാം റാസി(ﷺ)യുടെ ഇബാദത്ത് അദ്ദേഹത്തെ സഹായിക്കുന്നില്ലെന്നും അദ്ദേഹത്തിന്നെതിരാണെന്നും വായനക്കാർക്കു ഗ്രഹിക്കാമായിരുന്നു. ഇമാം റാസി പറഞ്ഞതിന്റെ സാരം ഇതാണ്. ഇവിടെ അല്ലാഹു ശൈത്താന്ന് ഇബാദത്ത് ചെയ്യരുതെന്ന വിരോധത്താൽ, മനുഷ്യരെ ഇസ്ലാമിക വൃത്തത്തിൽനിന്നും പുറത്താക്കിക്കളയുന്ന ശിർക്കുപരമായ ഇബാദത്ത് എന്നു മാത്രമല്ല, വലുതും ചെറുതുമായ എല്ലാ പാപങ്ങളും വിട്ടൊഴിയണം എന്നുകൂടിയാണ്. നിങ്ങൾ പാപം ചെയ്യുകയാണെങ്കിൽ അത് പിശാചിനെ ആരാധിക്കൽ(അനുസരിക്കൽ) ആയി ഭവിക്കുന്നതാണ്. അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവായിരിക്കയാൽ അവൻ നിങ്ങളെ അപകടത്തിലാക്കുന്ന ഒരുപദേശം മാത്രമേ നിങ്ങളുടെ മനസ്സിൽ ഇട്ടുതരുന്നുള്ളു. അതുകൊണ്ട് നിങ്ങളുടെ മനസ്സിൽ..ഉദിക്കുന്ന ഏത് വിചാരവും എന്റെ ‘ശറഇ’നോട് യോജിക്കുന്നുണ്ടോ ഇല്ലെയോ എന്നു പരിശോധിക്കണം. ഇത് ചൊവ്വായ മാർഗമാണ്. ഇതാണ് ഈ ആയത്തിന്റെ താല്പര്യം. ഇബാദത്ത് എന്നതിന്റെ സാക്ഷാൽ അർഥം, نهاية التّعظيم (അങ്ങേറ്റമായ വന്ദനം) എന്നാണെന്ന് അതിന്റെ വിവരണത്തോടുകൂടി ഇമാം റാസീ ﴿ إِيَّاكَ نَعْبُدُ ﴾ എന്ന ആയത്തിന്റെ തഫ്സീറിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഇതൊന്നും പരിശോധിക്കാതെ ചെരിപ്പിന്നൊപ്പിച്ചു കാലുമുറിക്കുവാൻ, പ്രത്യക്ഷ ശത്രുവായ പിശാച് കെ.സി.യേയും വഞ്ചിച്ചുകളഞ്ഞോ എന്നാണെന്റെ സംശയം.

ഇനി ഇബാദത്ത് എന്നതിന്റെ സാക്ഷാൽ അർത്ഥം അനുസരണമാണെന്ന് വെക്കുമ്പോഴുള്ള ഭീമാബദ്ധത്തെപറ്റി പറയാം: ‘അനുസരണം’(طاعة) എന്നുവെച്ചാൽ കല്പിച്ചതനുസരിച്ചു പ്രവർത്തിക്കുക എന്നും, അനുസരണക്കേട് കാണിക്കുക(معصية) എന്നാൽ കല്പിച്ചതിന്നെതിർ പ്രവർത്തിക്കുക എന്നുമാണർഥം. അപ്പോൾ ഇബാദത്ത്(طاعة) ആർക്കു ചെയ്യുന്നുവോ അവൻ ആദ്യമായി കല്പിക്കണം. അങ്ങനെയുള്ളവരുടെ നേരെയല്ലാതെ ഇബാദത്തിനെ സാക്ഷാൽ അർഥത്തിൽ ഉപയോഗിക്കുവാൻ പാടില്ലെന്ന് വന്നു. ബിംബങ്ങളെ സംബന്ധിച്ചു ഇബാദത്ത് ഉപയോഗിക്കുന്നതും, ഖുർആനിലും, ഹദീസിലും ഉപയോഗിച്ചിട്ടുള്ളതും, സാക്ഷാൽ അർഥത്തില്ല, അവയെല്ലാം അലങ്കാരപ്രയോഗമായി പറയുന്നതും പറഞ്ഞിട്ടുള്ളതുമാണെന്നു പറയുവാൻ ജമാഅത്തെ ഇസ്ലാമിക്കാർ ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. സാക്ഷാൽ അർഥപ്രകാരം അത് സാധുവാകുന്നില്ല. എന്തുകൊണ്ടന്നാൽ ബിംബങ്ങളെ ആരാധിക്കുന്നവർ, അവ വിധിവിലക്കുകൾ ചെയ്യുകയില്ലെന്നു സമ്മതിച്ചതായി ഖുർആനിൽ വ്യക്തമായി കാണാം.

﴿ لَقَدْ عَلِمْتَ مَا هَٰٓؤُلَآءِ يَنطِقُونَ ﴿٦٥﴾ ﴾ الأنبياء: ٦٥

‘‘ഇവ സംസാരിക്കുകയില്ലെന്നു താങ്കൽക്കറിയാമല്ലോ.’’

എന്നു വിഗ്രഹാരാധകന്മാർ ഇബ്രാഹിം നബി(ﷺ)യോട് പറഞ്ഞു. എന്നാൽ അവർ തന്നെ ഇബ്രാഹിം നബി(ﷺ)യോട് പറയുന്നു: ﴿ نَعْبُدُ أَصْنَامًا ﴾ الشعراء:٧١ ‘‘ഞങ്ങൾ ചില വിഗ്രഹങ്ങളെ ആരാധിക്കുന്നു.’’ എന്ന്, ഇതുപോലുള്ള ഉപയോഗങ്ങൾ ഖുർആനിലും ഹദീസുകളിലും അറബികളുടെ വചനങ്ങളിലും സാധാരണയാണ്. ജമാഅത്തുകാരുടെ വാദപ്രകാരം ഇതെല്ലാം തെറ്റാണെന്നു വരുന്നതാണ്. സൂറത്തുൽ അഅ്റാഫിൽ പറയുന്നത് നോക്കുക.

﴿ وَإِذَا فَعَلُوا۟ فَـٰحِشَةً قَالُوا۟ وَجَدْنَا عَلَيْهَآ ءَابَآءَنَا وَٱللَّهُ أَمَرَنَا بِهَا ۗ قُلْ إِنَّ ٱللَّهَ لَا يَأْمُرُ بِٱلْفَحْشَآءِ ۖ أَتَقُولُونَ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴾ الأعراف: ٢٨
''അവർ വല്ല ദുഷിച്ച പ്രവർത്തിയും ചെയ്യുന്നതായാൽ (ശിർക്ക്, നഗ്നരായി വീട് പ്രദക്ഷിണം പോലെ) അവർ പറയുന്നതാണ്, ഞങ്ങളുടെ പിതാക്കളെ അവയിലായി ഞങ്ങൾ കണ്ടിരിക്കുന്നു. അവയെ അല്ലാഹു ഞങ്ങളോടാജ്ഞാപിച്ചിരിക്കുന്നു എന്ന്. നീ പറയുക: അല്ലാഹു ദുഷിച്ചതിനെ ആജ്ഞാപിക്കുകയില്ല. നിങ്ങൾ അറിയാത്തത് അല്ലാഹുവിന്റെ മേൽ നിങ്ങൾ പറയുന്നുവോ''

ഈ സൂക്തത്തിൽ ''ദുഷിച്ചത്'' എന്നു പറഞ്ഞിട്ടുള്ളത് പൊതുവായ അർഥത്തിലാണ്. എല്ലാ വലിയ കുറ്റങ്ങളും അതിൽ ഉൾപ്പെടുമെന്ന് ഇമാം റാസി(ﷺ) പറയുന്നു. അബുസ്സുഊദ് പറയുന്നത് കാണുക:

والمراد بها عبادة الاصنام وكشف العورة في الطواف ونحوهما
(ഫാഹിശത്തു കൊണ്ടുള്ള ഉദ്ദേശം വിഗ്രഹങ്ങളെ ആരാധിക്കലും തവാഫിൽ ഔറത്ത് വെളിപ്പെടുത്തുന്നതും ഇവപോലുള്ളതുമാകുന്നു.)

ഈ ആയത്തിന്റെ താല്പര്യമനുസരിച്ചു ഇബാദത്തിന്നു അനുസരണം എന്ന അർഥം സ്ഥാപിച്ചുകൊണ്ടു നോക്കുമ്പോൾ മുശ്‌രിക്കുകൾ ബിംബങ്ങൾക്ക് ഇബാദത്ത് ചെയ്യുന്നുവെന്നു പറയുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ അവരുടെ വിശ്വാസപ്രകാരം വിഗ്രഹരാധനകൊണ്ട് അവർ അല്ലാഹുവിന്റെ ആജ്ഞ അനുസരിക്കുകയാണ് ചെയ്യുന്നത്. അത്കൊണ്ട് അത് അല്ലാഹുവിനുള്ള ഇബാദത്ത് തന്നെയായി.

ഇത് പോലെ തന്നെയാണ് നമ്മുടെ 'ഖുറാഫി'കൾ –അവരുടെ ഭാഷയിൽ സുന്നികൾ– അല്ലാഹുവിന് പുറമെയുള്ളവരോട് പ്രാർത്ഥിക്കുന്നത് ﴿وَٱبْتَغُوٓا۟ إِلَيْهِ ٱلْوَسِيلَةَ﴾المائدة: ٣٥ എന്ന ആജ്ഞയനുസരിക്കുക യാണെന്നു പറയുന്നതും. ഇതു യഥാർത്ഥത്തിൽ അല്ലാഹു അല്ലാത്തവർക്കു ഇബാദത്ത് തന്നെയാണ്. എന്തുകൊണ്ടെന്നാൽ, ഔലിയാക്കളോട് ചെയ്യുന്ന ഒരു പ്രാർത്ഥന ഉൽഭവിക്കുന്നത്: അവർക്കു അല്ലാഹുവിന്റെ അടുക്കലുള്ള ഉയർന്ന പദവികൊണ്ട് ഈ പ്രാർത്ഥന ചെയ്യുന്നവർക്കു വേണ്ടി അല്ലാഹുവിന്റെ അടുക്കൽ ശുപാർശ ചെയ്തു ഇവരുടെ കാര്യങ്ങൾ സാധിപ്പിച്ചു കൊടുക്കുവാനുള്ള അദൃശ്യമായ അധികാരശക്തി ഔലിയാക്കൾക്കുണ്ടെന്നും, തന്നിമിത്തം അവരുടെ ഖബറുകൾക്കും, അവിടെയുള്ള കൊടികൾക്കും മറ്റും അദൃശ്യമായ ഒരു പ്രത്യേക മഹത്വം ഉണ്ടെന്നും, അതിനാൽ നേർച്ചകൊണ്ടും മറ്റും ആ ഖബറുകളെയും മറ്റും ശരണം പ്രാപിക്കുന്നതുകൊണ്ട് ആപത്തുകൾക്ക് പരിഹാരമുണ്ടാകുമെന്നും ഉള്ള അവരുടെ അദൃശ്യമായ അധികാരശക്തിയിലുള്ള വിശ്വാസത്തിൽ നിന്നാണ്. അതിനാൽ ആ പ്രാർത്ഥന മുതലായ ഖുറാഫികളുടെ കർമങ്ങൾ അല്ലാഹുവല്ലാത്തവരെ ആരാധിക്കലായിരിക്കയാൽ ഇത് വലിയ ശിർക്ക് തന്നെയാണ്. ഈ ശിർക്കിനെ ജമാഅത്ത് ഇസ്‌ലാമിക്കാരും വിരോധിക്കുന്നില്ലേ? ഇത് അല്ലാഹുവിന് തന്നെ ചെയ്യുന്ന ആരാധനയാണെന്ന് ഖുറാഫികൾ വാദിക്കുന്നു. എന്ത് കൊണ്ടെന്നാൽ ﴿وَٱبْتَغُوٓا۟ إِلَيْهِ ٱلْوَسِيلَةَ﴾ എന്ന ആയത്തിൽ അല്ലാഹു ആജ്ഞാപിച്ചതാണ് ഈ പ്രവർത്തികളെല്ലാം തന്നെ എന്നാണവർ പറയുന്നത്. ഈ വാദം അവർക്ക് വകവെച്ചു കൊടുക്കുന്നപക്ഷം, ബിംബാരാധനക്കാർ ﴿وَٱللَّهُ أَمَرَنَا﴾''അല്ലാഹു നമ്മോടാജ്ഞാപിച്ചിരിക്കുന്നു.'' എന്ന ന്യായം അവർക്കും വകവെച്ചുകൊടുക്കേണ്ടിവരും. എന്നാൽ അല്ലാഹു തിരുമേനിയോ ടാജ്ഞാപിച്ചു.

﴿ قُلْ إِنَّ ٱللَّهَ لَا يَأْمُرُ بِٱلْفَحْشَآءِ ۖ أَتَقُولُونَ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴿٢٨﴾ ﴾ الأعراف: ٢٨
(''പറയുക–അല്ലാഹു ചീത്തയെ ആജ്ഞാപിക്കുകയില്ല. അല്ലാഹുവിന്റെമേൽ നിങ്ങൾക്കറിവി ല്ലാത്തത് നിങ്ങൾ പറയുന്നുവോ?'')

അപ്പോൾ ഇബാദത്തിനു ഇവരുടെ അർത്ഥം സ്വീകരിക്കുന്ന പക്ഷം മക്കാമുശ്‌രിക്കുകൾ അല്ലാഹുവിന്ന് മാത്രമേ ഇബാദത്ത് ചെയ്യുന്നുള്ളുവെന്നു അവർ വാദിക്കേണ്ടിയിരിക്കുന്നു. കാരണം അല്ലാഹു ആജ്ഞാപിച്ചിട്ടുള്ളത് കൊണ്ടാണവർ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നതെന്ന് അവർ വാദിച്ചിരുന്നതായി അല്ലാഹു നമ്മെ അറിയിച്ചിരിക്കുന്നു. അതിനാൽ ജമാഅത്തെ ഇസ്‌ലാമിക്കാരുടെ

വാദപ്രകാരം അവരുടെ ഇബാദത്ത് അല്ലാഹു കല്പിച്ചതാണെന്നുള്ളത് കൊണ്ട് അത് റബ്ബിന് തന്നെ ചെയ്യുന്ന ഇബാദത്താണെന്നു ആ മുശ്‌രീക്കുകൾക്ക് വാദിക്കാമല്ലോ. എന്നാൽ അങ്ങനെ അവർ വാദിച്ചിട്ടില്ല. അവർ ശരിയായ അറബികൾ തന്നെയായിരുന്നു. അപ്പോൾ ഇബാദത്തിന് അനുസരണമെന്നർത്ഥം പരമാബദ്ധമാണെന്ന് ഇനിയെങ്കിലും ധരിച്ചാൽ നന്ന്.

ഇനി ഇവർ ഇങ്ങനെയൊരർത്ഥം വലിച്ചിഴച്ചു കൊണ്ടുവന്നതിലുള്ള ഉദ്ദേശമെന്താണെന്ന് പരിശോധിക്കാം. ഇസ്‌ലാമിന്റെ വിധികൾക്ക് വിരോധമായോ അഥവാ ഇസ്‌ലാമിനെ പിന്തുടരണമെന്ന് നിഷ്ടയില്ലാത്തതായോ ഉള്ള എല്ലാ ഗവൺമെന്റുകളേയും പൈശാചിക ഗവൺമെന്റെന്നു പറയാതെ നിവൃത്തിയില്ല. അങ്ങനെയുള്ള എല്ലാ ഗവൺമെന്റുകളോടും നിസ്സഹകരിക്കണം. അവയുടെ ഉദ്യോഗം സ്വീകരിക്കുക അവയുടെ കോടതികളിൽ അവയുടെ നിയമമനുസരിച്ച് വിഹരിക്കുക, അതിനു വക്കാലത്ത് സ്വീകരിക്കുക മുതലായ പ്രവൃത്തികളെല്ലാം ആ ഗവൺമെന്റുകളെ അനുസരിക്കലും അവർക്കടിമവേല ചെയ്യലുമാകുന്നു. അതുകൊണ്ട് അവയെല്ലാം ഏറ്റവും വലിയ ശിർക്കും കുഫ്റുമാണ്. ഇന്ന് ഭൂമിയിൽ ഇങ്ങനെയുള്ള പൈശാചിക ഗവൺമെന്റുകളല്ലാതെ യാതൊരു ഗവൺമന്റുമില്ല. അത് കൊണ്ട് മേൽപറഞ്ഞ പ്രകാരമുള്ള മഹാ ശിർക്കു ചെയ്തുകൊണ്ടിരിക്കുകയോ, അതിൽ തൃപ്തിപ്പെടുകയോ ചെയ്യുന്നവരായിട്ടാണ് ഇന്ന് മുസ്‌ലിംകൾ എന്നു പറയപ്പെടുന്നവരെ കാണുന്നത്. തന്മൂലം ഇന്നത്തെ മുസ്‌ലിംകൾ മുസ്‌ലിംകളല്ല. ഇവർ ഇവയെല്ലാം പൂർണമായും ത്യജിച്ചു ജമാഅത്തെ ഇസ്‌ലാമിക്കാരുടെ 'ശഹാദത്ത്' ചൊല്ലി അവരുടെ പാർട്ടിയിൽ ചേരണം. എന്നാലെ രക്ഷയുള്ളു. അവർ വിധിക്കുന്ന എല്ലാ വിധികളും സ്വീകരിക്കണം. അങ്ങനെ അവർക്കു ശക്തി വരുമ്പോൾ ഈ ഗവൺമെന്റുകളെ തകർത്തു ഭൂമിയിൽ അവരുടെ ഗവൺമെന്റു സ്ഥാപിക്കും. അതിന്നാണ് ദൈവീക ഗവൺമെന്റ് حكومة الهي എന്നു പറയുന്നത്. ഈയൊരു പ്ലാൻ മുമ്പിൽവെച്ചു കൊണ്ടാണ് ഇവർ ഇബാദത്തിന്റെ അർഥം മാറ്റിമറിച്ചത്.

**അമുസ്‌ലിം ഗവൺമെന്റുകളുടെ നിയമനിർമ്മാണംകൊണ്ടു അല്ലാഹുവിന്റെ വിധിക്കു യാതൊരിളക്കവും ഉണ്ടാവുകയില്ലെന്നും അതിനാൽ കഴിയുന്നത്ര അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിരോധമായി ഉണ്ടാക്കപ്പെടുന്ന നിയമങ്ങളെ തടയണമെന്നും നിഷ്ടവെച്ചു അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുവാനായി ആർ പരിശ്രമിക്കുന്നുവോ അവരാണ് അല്ലാഹുവിന്റെ സജ്ജനങ്ങൾ.**

ഈ വിഷയകമായി നമ്മുടെ അഭിപ്രായമെന്താണെന്നൊരു ചോദ്യത്തിന്നവകാശമുണ്ട്. പറയാം: ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക, ജനങ്ങൾ പൊതുവിൽ നല്ലതെന്നു സമ്മതിച്ചിട്ടുള്ളതിനെ ആജ്ഞാപിക്കുക, ചീത്തയെന്നു സമ്മതിച്ചിട്ടുള്ളതിനെ വിരോധിക്കുക എന്നീ മുന്ന് കർത്തവ്യങ്ങളേയും നിർവഹിക്കുന്ന ഒരു സംഘമായിട്ടാണ് നാം ജീവിക്കേണ്ടത്. മുസ്‌ലിംകൾ എപ്പോഴും അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ട് അവനെ സഹായിക്കുന്ന പക്ഷം അവന്റെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നവർക്കു അവൻ മാർഗദർശനം നല്കുകയും സഹായിക്കുകയും ചെയ്യുമെന്നുള്ള വാഗ്ദാനത്തിൽ വിശ്വസിച്ചുകൊണ്ട് ഒരു മധ്യസ്ഥ സംഘമായി ജീവിക്കണം. ആ സംഘടനയുടെ ജീവൻ അല്ലാഹുവിന്റെ കിത്താബും നബി(ﷺ) യുടെ സുന്നത്തുമായിരിക്കുകയും വേണം. അങ്ങനെ മനുഷ്യസമുദായത്തിന്റെ പൊതുനന്മകൾ കൈവരുത്തുന്നതിന് വേണ്ടി നിലകൊള്ളുന്ന ഒരു സമുദായമാണ് മുസ്‌ലിംകൾ. ഇസ്‌ലാം ഒരു വർഗ്ഗീയ പ്രസ്ഥാനമല്ല; മുസ്‌ലിംകൾ മനുഷ്യസമുദായത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കണം. ആ പരിശ്രമം എങ്ങനെ വേണമെന്നു അല്ലാഹുവിന്റെ കിത്താബും, റസൂലിന്റെ സുന്നത്തും നമുക്ക് വ്യക്തമാക്കിത്തന്നിരിക്കുന്നു. അവയിൽ വ്യക്തമാക്കപ്പെടാതെ ശാഖോപശാഖകളായി സംഗതികൾ നവീനമായി സംഭവിച്ചേക്കാം. അവക്ക് ഖുർആനിലും സുന്നത്തിലും വ്യക്തമാക്കപ്പെട്ടവയെ അടിസ്ഥാനമാക്കി നീതിപൂർവകമായ വിധികൾ കണ്ടുപിടിക്കുവാൻ യോഗ്യതയും സമുദായത്തിന് വിശ്വാസമുള്ളവരായ നേതാക്കളെ തിരഞ്ഞെടുക്കണം. അവർ പരസ്പരം ആലോചിച്ചു ചെയ്യുന്ന തീരുമാനങ്ങളെ കിത്താബിലേയും സുന്നത്തിലേയും തീരുമാനങ്ങളെന്ന പോലെ തന്നെ നടപ്പിൽ വരുത്തേണ്ടതാണ്. അവർ വ്യത്യസ്താഭിപ്രായക്കാരായാൽ എന്ത് ചെയ്യണമെന്നും ഖുർആനിൽ പറഞ്ഞിട്ടുണ്ട്. ഇപ്പറഞ്ഞതിനെതിരായി ആരുടെ ആജ്ഞകളേയും ഒരു മുസ്‌ലിം സ്വമനസ്സാലെ സ്വീകരിക്കാൻ പാടില്ല. ഇതാണ് മുസ്‌ലിംമിന്റെ നില.

ഇനി നമ്മെപ്പോലെ ഒരു മതേതര ഗവൺമെന്റിന്റെ കീഴിൽ ജീവിക്കുന്ന മുസ്‌ലിംകളുടെ നിലയെപ്പറ്റി ചിന്തിക്കാം. മുസ്‌ലിം സമുദായം ഏവിടെയായിരുന്നാലും അവരുടെ ഇടയിൽ ഇസ്‌ലാമിക ജീവിതത്തെ അവർ പാലിക്കണം. അതോടൊപ്പം തന്നെ രാജ്യത്ത് പൊതുവെ നീതിയും സമാധാനവും പാലിക്കേണ്ടതും അവരുടെ കടമയാണ്. അത്കൊണ്ട് നല്ലവരും പ്രാപ്തരുമായ മുസ്‌ലിംകൾ അസംബ്ലിയിലും മറ്റും സ്ഥാനങ്ങൾ സ്വീകരിക്കേണ്ടതും ഉദ്യോഗങ്ങൾ വഹിക്കേണ്ടതുമാണ്. അങ്ങനെ ചെയ്യുന്നത് കൊണ്ട് കുറെയെങ്കിലും അക്രമങ്ങളും അനീതികളും തടയുവാനും, ഇസ്‌ലാമികതാല്പര്യങ്ങളേയും സമുദായത്തിന്നുള്ള രാഷ്ട്രീയാവകാശങ്ങളേയും സംരക്ഷിക്കുവാനും സാധിക്കുമെന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. തന്മൂലം, ഈ ഉദ്ദേശാർത്ഥം ഉദ്യോഗങ്ങളും അസംബ്ലി മുതലായവയിലുള്ള മെമ്പർ സ്ഥാനം സ്വീകരിക്കുന്നത് കൊണ്ടുള്ള ഗുണങ്ങളും ദോഷങ്ങളും താരതമ്യപ്പെടുത്തി 'രണ്ടുപദ്രവത്തിൽനിന്ന് ലഘുവായത് സ്വീകരിക്കുക' എന്ന തത്വമനുസരിച്ച് ചിലപ്പോൾ അനുവദനീയവും ചിലപ്പോൾ നിർബന്ധവുമായിത്തീരുന്നതാണ്. കാരണം, മുസ്‌ലിംകളിൽ പ്രാപ്തിയും നീതി നിഷ്ടയുമുള്ളവരെല്ലാം ഒഴിഞ്ഞു മാറിനിൽക്കുന്ന പക്ഷം നാട്ടില് പൊതുവെ അനീതിയും, അക്രമപരമായ നിയമങ്ങൾ മൂലം മുസ്‌ലിംകൾക്ക് തന്നെ കൂടുതൽ ദ്രോഹങ്ങളും അനുഭവിക്കേണ്ടതായിവരുന്നതാണ്. ജീവിതത്തിന് വേണ്ടി മാത്രമാണെ ങ്കിൽ ഇതൊന്നും അനുവദനീയമല്ല.

ഇനി ഇസ്‌ലാമിലെ വിധികൾക്കെതിരായി ഉണ്ടാകുന്ന ഗവൺമെന്റുകളുടെയോ മതനേതാക്കളു ടെയോ വിധികൾ സ്വീതരിക്കുന്നതിനെ സംബന്ധിച്ചു ഇസ്‌ലാമിലെ ശരിയായ വിധി എന്താണെന്ന് പറയാം. കെ.സി ഉദ്ധരിച്ച റാസിയുടെ ഇബാദത്തിന്റെ തുടർച്ച കാണുക:

إن الشيطان يأمر أولاً بمخالفة الله ظاهراً فمن أطاعه فقد عبده ومن لم يطعه فلا يرجع عنه بل يقول له أعبد الله كى لا تهان وليرتفع عند الناس شأنك وينتفع بك إخوانك وأعوانك فإن أجاب إليه فقد عبده لكن عبادة الشيطان على تفاوت وذلك لأن الأعمال منها ما يقع والعامل موافق فيه جنانه ولسانه وأركانه ومنها ما يقع والجنان واللسان مخالف للجوارح أو للأركان فمن الناس من يرتكب جريمة كارهاً بقلبه لما يقترف من ذنبه مستغفراً لربه يعترف بسوء ما يقترف فهو عبادة الشيطان بالأعضاء الظاهرة ومنهم من يرتكبها وقلبه طيب ولسانه رطب كما أنه تجد كثيراً من الناس يفرح بكون متردداً إلى أبواب الظلمة للسعاية ويعد من المحاسن كونه سارياً مع الملوك ويفتخر به بلسانه وتجدهم يفرحون بكونهم آمرين الملك بالظلم والملك ينقاد لهم أو يفرحون بكونه يأمرهم بالظلم فيظلمون فرحين بما وعد عليهم منا لأمر إذا عرفت هذا فالطاعة التى لهم أو يفرحون بكونه يأمرهم بالظلم فيظلمون فرحين بما ورد عليه من الأمر إذا عرفت هذا فالطاعة التى بالأعضاء الظاهرة والبواطن طاهرة مكفرة بالأسقام والآلام كما ورد فى الأخبار ومن ذلك قوله ( صلى الله عليه وسلم ) ( الحمى من فيح جهنهم ) وقوله ( صلى الله عليه وسلم ) ( السيف محاء للذنوب ) أى لمثل هذا الذنوب ويدل عليه ما قال ( صلى الله عليه وسلم ) فى الحدود ( إنها كفارات ) وما يكون بالقلوب فلا خلاص عنه إلا بالتوبة والندم وإقبال القلب على الرب وما يكون باللسان فهو من قبيل ما يكون بالقلب فى الظاهر...

''പിശാച് പ്രത്യക്ഷമായിത്തന്നെ അല്ലാഹുവിനോട് വിരോധം കാണിക്കാനാജ്ഞാപിക്കും, അപ്പോൾ വല്ലവനും അവനു വഴിപ്പെട്ടാൽ അവന്നു ഇബാദത്ത് ചെയ്യലായി. ആരെങ്കിലും അവന്നു വഴിപ്പെട്ടില്ലെങ്കിൽ പിശാച് അവനേയും വിട്ടുമടങ്ങുകയില്ല, അവനോട് പറയും നീ നിന്ദ്യനാവാതിരിക്കുവാനും ജനങ്ങളുടെ അടുക്കൽ നിന്റെ നില ഉന്നതിപ്പെടുവാനും നിന്നെക്കൊണ്ട് നിന്റെ സഹോദരന്മാർക്കും സഹായികൾക്കും ഉപകാരം ലഭിക്കുവാനും വേണ്ടി നീ അല്ലാഹുവിനെ ആരാധിച്ചു കൊള്ളുകയെന്ന്. ഈ ഉപദേശത്തെ സ്വീകരിക്കുകയാണെങ്കിലും അവനെ ആരാധിച്ചു. എന്നാൽ പിശാചിന് ഇബാദത്ത് ചെയ്യൽ പല തരത്തിലാണ്. എങ്ങനെയെന്നാൽ, പ്രവൃത്തികളിൽ ചിലത് പ്രവർത്തിക്കുന്നവന്റെ ഹൃദയവും നാവും അവയവങ്ങളും യോജിച്ചു ചെയ്യുന്നതും ചിലത് ഹൃദയവും നാവും വിരോധമായിക്കൊണ്ടു ചെയ്യുന്നതും ഉണ്ട്. ചിലർ കുറ്റം ചെയ്യുമ്പോൾ തന്നെ അവരുടെ ഹൃദയങ്ങൾ അതിനെ വെറുക്കുകയും തങ്ങൾ ചെയ്യുന്നത് തെറ്റാണെന്ന് അവരുടെ ഹൃദയങ്ങൾ സമ്മതിക്കുകയും റബ്ബിനോട് മാപ്പിനപേക്ഷിക്കുകയും ചെയ്യുന്നുണ്ടാകും. അത് ബാഹ്യാവയവങ്ങൾകൊണ്ട് പിശാചിനു ഇബാദത്ത് ചെയ്യലാകുന്നു. വേറെ ചിലർ പാപത്തിൽ ഹൃദയം സന്തോഷിച്ചും നാവു അഭിമാനിച്ചും കുറ്റം ചെയ്യും. കള്ളക്കേസുണ്ടാക്കി വല്ലവരേയും ദ്രോഹിക്കുവാൻ അക്രമികളുടെ കവാടങ്ങളിൽ പോയും വന്നും കൊണ്ടിരിക്കുന്നതിനാൽ സന്തോഷം കൊള്ളുന്നവരായി വളരെ പേരെ കാണാം. അവർ രാജാക്കന്മാരോട് ഒന്നിച്ചു നടക്കുന്നവരാണെന്നതിനെ നല്ല ഗുണങ്ങളായി ഗണിക്കുകയും അതിനെപ്പറ്റി അഭിമാനിക്കുകയും

ചെയ്യും. തങ്ങൾ രാജാക്കളെ ഉപദേശിക്കുന്നവരാണെന്നും, അവരുടെ ഉപദേശം സ്വീകരിച്ചു രാജാക്കന്മാർ അക്രമം പ്രവർത്തിക്കുമെന്നുള്ളതിൽ സന്തോഷം കൊള്ളുന്നവരായി അവരെ നീ കാണുന്നതാണ്. അല്ലെങ്കിൽ രാജാവിന്റെ അടുക്കൽ നിന്ന്, അവർക്ക് അക്രമം ചെയ്യുവാനുള്ള ആജ്ഞ ലഭിക്കുകയും തദനുസരണം അവർ അക്രമം ചെയ്യുകയും അങ്ങനെ ചെയ്യുന്നവരായതിൽ അവർ സന്തോഷിക്കും. എന്നാൽ ഹൃദയം പരിശുദ്ധമായിരിക്കെ ബാഹ്യവയവങ്ങളെകൊണ്ട് പിശാചിനെ അനുസരിക്കുന്നത് വേദനകൾകൊണ്ടും രോഗങ്ങൾകൊണ്ടും പൊറുക്കപ്പെടുന്നതാണ്. നബി(ﷺ)തിരുമേനി പറയുന്നു:''പനി നരകത്തിന്റെ ചൂടാവിയിൽ പെട്ടതൈണ്''[4]. ഇനിയും നബി(ﷺ) പറയുന്നു:''വാൾ പാപങ്ങളെ അധികമായി മായിച്ചുകളയുന്നതാണ്.''[5] അതായത്, ഈ വിധം പാപങ്ങളെ [ശറഇൽ നിർണയിക്കപെട്ട ശിക്ഷകളുള്ള പാപങ്ങളെ] സംബന്ധിച്ചു അവ[ആ ശിക്ഷകൾ] പാപങ്ങളെ പൊറുപ്പിക്കുന്നവയാകുന്നു. നബി(ﷺ) പറഞ്ഞിട്ടുള്ളതും ഇതിനു തെളിവാകുന്നു. ഹൃദയങ്ങൾ സന്തോഷിച്ചുകൊണ്ടുള്ള പാപങ്ങളിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ അല്ലാഹുവിങ്കലേക്കു ഖേദിച്ചുമടങ്ങുക തന്നെവേണം. നാവുകൊണ്ടുണ്ടാകുന്നത് പ്രത്യക്ഷത്തിൽ ഹൃദയം കൊണ്ടുണ്ടാകുന്നതിന്റെ കൂട്ടത്തിൽ പെട്ടതാണ്.''

ഇപ്പോൾ ﴿ أَلَمْ أَعْهَدْ إِلَيْكُمْ ﴾ يس: ٦٠ എന്ന ആയത്തിൽ വിരോധിച്ചിട്ടുള്ള ഇബാദത്ത്(അനുസരണം) അല്ലാഹുവിന്റെ ആജ്ഞകൾക്കെതിരായി അക്രമികളായ രാജാക്കൾക്ക് വഴിപ്പെടൽ വിവിധ തരത്തിലുണ്ടെന്നും, ചിലത് ഹൃദയം വെറുത്തുകൊണ്ട് അവയവങ്ങൾ പ്രവർത്തിക്കുക മാത്രമാണെന്നും ചിലത് നാവും ഹൃദയവും ശരീവും യോജിച്ചു ചെയ്യുന്നതാണെന്നും, ഒന്നാം വകുപ്പിൽ പെട്ട കുറ്റം രോഗങ്ങൾ മുതലായവ കാരണങ്ങളാൽ പൊറുക്കപ്പെടുന്നതാണെന്നും, മനസാവാചകർമണാ ഉണ്ടാകുന്ന രണ്ടാം വകുപ്പിൽപ്പെട്ട കുറ്റം ശരിയായ തൗബകൊണ്ടല്ലാതെ പൊറുക്കപ്പെടുകയില്ലെന്നും ഇമാം റാസി(ﷺ) വ്യക്തമാക്കിയതായി വായനക്കാർ കണ്ടുവല്ലോ. അപ്പോൾ ഈ ആയത്തിൽ പിശാചിന് ഇബാദത്ത് ചെയ്യുകയെന്ന് പറഞ്ഞിട്ടുള്ളത് ശിർക്കുപരമായ സൃഷ്ടി ആരാധനയെക്കുറിച്ചല്ല. ശിർക്കും കുഫ്റും അല്ലാത്ത വിധത്തിൽ പിശാചിന്റെ ദുർബോധനമനുസരിച്ച് മറ്റു പാപങ്ങൾ ചെയ്യുന്നതിനെക്കുറിച്ചാണെന്ന് ഇമാം റാസി(ﷺ) തന്നെ വിവരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ആജ്ഞകൾക്ക് വിരോധമായ പൈശാചിക നിയമങ്ങൾ അനുസരിക്കുന്നത് ഭയങ്കരമായ കുറ്റം തന്നെ, എന്നാൽ അതുകൊണ്ട് ഇസ്‌ലാം ദീനിന്റെ വൃത്തത്തിൽനിന്നു ഒരു മുസ്‌ലിം പുറത്തായിപ്പാകുമെന്നു പറയുന്നത് ഇസ്‌ലാമിലെ വിധിയല്ല: പൈശാചിക വിധിയാണ്.

ഇനി മതനേതാക്കളെ അനുസരിക്കുന്നതിനെസ്സംബന്ധിച്ചുള്ള ഇസ്‌ലാമിക വിധി എന്താണെന്നു പരിശോധിക്കാം. കിതാബുത്തൗഹീദിന്റെ ശർഹ് فَتَحُ المَجِيد-ൽ[6] ഇങ്ങനെ പറയുന്നു.

قال شيخ الإسلام في معنى قوله { اتخذوا أحبارهم ورهبانهم أربابا من دون الله } وهؤلاء الذين اتخذوا أحبارهم ورهبانهم أربابا حيث أطاعوهم في تحليل ما حرم الله وتحريم ما أحل الله يكونون على وجهين :

**أحدهما** : أن يعلموا أنهم بدلوا دين الله فيتبعونهم على هذا التبديل فيعتقدون تحليل ما حرم الله أو تحريم ما أحل الله اتباعا لرؤسائهم مع علمهم أنهم خالفوا دين الرسل فهذا كفر وقد جعله الله ورسوله شركا وإن لم يكونوا يصلون لهم ويسجدون لهم فكان من اتبع غيره في خلاف الدين مع علمه أنه خلاف للدين واعتقد ما قاله ذلك دون ما قاله الله ورسوله مشركا مثل هؤلاء

---

4 ബുഖാരി(3261)

5 ഈ വാക്യങ്ങളുള്ള ഹദീസ് കണ്ടെത്താനായില്ല എന്നാൽ ഇതേ ആശയമുൾകൊള്ളുന്ന ഹദീസാണ്. '' إِنَّ السَّيْفَ مَحَّاءُ لِلْخَطَايَا ''. ശൈഖ് അൽബാനി(ﷺ) ഈ ഹദീസ് حسن എന്ന് അദ്ദേഹത്തിന്റെ صحيح الترغيب എന്ന ഗ്രന്ഥത്തിൽ(1370) പ്രസ്താവിച്ചിരിക്കുന്നു.

6 'കേരളത്തിലെ ഇസ്ലാഹി പ്രസ്ഥാനത്തിന്ന് നജ്ദിലെ(സഊദി അറേബ്യയിലെ) തൗഹീദി പ്രബോധന പ്രവർത്തനങ്ങളുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല പ്രത്യേകിച്ച് ആദ്യകാല ഇസ്ലാഹി നേതാക്കൾക്ക്' എന്ന് പല വിമർശകരും ഈ അടുത്തകാലത്ത് ഉന്നയിച്ചിട്ടുണ്ട്. പ്രസ്തുത അഭിപ്രായം സത്യസന്ധമല്ല എന്ന് ഈ കൃതി(فتح المجيد) ഉദ്ധരിച്ചതിലൂടെ നമുക്ക് വ്യക്തമാവുന്നതാണ്.

**الثانى** : أن يكون اعتقادهم وإيمانهم بتحريم الحرام وتحليل الحلال ثابتا لكنهم أطاعوهم فى معصية الله كما يفعل المسلم ما يفعله من المعاصى التى يعتقد أنها معاص فهؤلاء لهم حكم أمثالهم من أهل الذنوب كما قد ثبت [ عن النبى صلى الله عليه و سلم أنه قال : إنما الطاعة فى المعروف ]

ثم ذلك المحرم للحلال والمحلل للحرام إن كان مجتهدا قصده اتباع الرسل لكن خفى عليه الحق فى نفس الأمر وقد اتقى الله ما استطاع فهذا لا يؤاخذه الله بخطئه بل يثيبه على اجتهاده الذى أطاع به ربه ولكن من علم أن هذا أخطأ فيما جاء به الرسول ثم اتبعه على خطئه وعدل عن قول الرسول فهذا له نصيب من هذا الشرك الذى ذمه الله لا سيما إن اتبع ذلك هواه ونصره باليد واللسان مع علمه أنه مخالف للرسول فهذا شرك يستحق صاحبه العقوبة عليه ولهذا اتفق العلماء على أنه إذا عرف الحق لا يجوز له تقليد أحد فى خلافه وإنما تنازعوا فى جواز التقليد للقادر على الاستدلال وإن كان عاجز عن إظهار الحق الذى يعلمه فهذا يكون كمن عرف أن الدين الإسلام حق وهو بين النصارى فإذا فعل ما يقدر عليه من الحق لا يؤاخذ بما عجز عنه وهؤلاء كالنجاشى وغيره وقد أنزل الله فى هؤلاء الآيات من كتابه كقوله تعالى : '3 : 199 ' { وإن من أهل الكتاب لمن يؤمن بالله وما أنزل إليكم وما أنزل إليهم } وقوله : '5 : 83 ' { وإذا سمعوا ما أنزل إلى الرسول ترى أعينهم تفيض من الدمع مما عرفوا من الحق } الآية وقوله '7 : 159 ' { ومن قوم موسى أمة يهدون بالحق وبه يعدلون } وأما إن كان المتبع للمجتهد عاجزا عن معرفة الحق على التفضيل وقد فعل ما يقدر عليه مثله : من الاجتهاد فى التقليد فهذا لا يؤاخذ إن أخطأ كما فى القبلة وأما من قلد شخصا دون نظيره بمجرد هواه ونصره بيده ولسانه من غير علم أن معه الحق فهذا من أهل الجاهلية وإن كان متبوعه مصيبا لم يكن عمله صالحا وإن كان متبوعه مخطئا كان آثما كمن قال فى القرآن برأيه فإن أصاب فقد أخطأ وإن أخطأ فليتبوأ مقعده من النار وهؤلاء من جنس مانع الزكاة الذى تقدم فيه الوعيد ومن جنس عبد الدينار والدرهم والقطيفة والخميصة فإن ذلك لما أحب المال منعه من عبادة الله وطاعته وصار عبدا له وكذلك هؤلاء فيكون فيهم شرك أصغر ولهم من الوعيد بحسب ذلك وفى الحديث : [ إن يسير الرياء شرك ] وهذا مبسوط عند النصوص التى فيها إطلاق الكفر والشرك على كثير الذنوب

ഇതിന്റെ രത്നച്ചുരുക്കം മാത്രം ഇവിടെ കൊടുക്കാം. പുരോഹിതന്മാരെയും പണ്ഡിതന്മാരെയും അനുകരിക്കുന്നവർ രണ്ടു തരക്കാരാണ്.

(1)അല്ലാഹുവിന്റെ കിതാബിലും നബിമാരുടെ വചനങ്ങളിലും സ്പഷ്ടമായിപ്പറഞ്ഞിട്ടുള്ളതിന്നു എതിരായി മത നേതാക്കന്മാരായ പണ്ഡിതന്മാരും പുരോഹിതന്മാരും സ്വയം നിർമ്മിച്ചിട്ടുള്ളതിൽ വിശ്വസിക്കുന്നവർ അവർ ‘ഹലാലാക്കി’യാൽ ഏതു കാര്യവും ‘ഹലാലാ’കുമെന്നും അവർ ഹറാമാക്കിയാൽ ഏതു കാര്യവും ഹറാമാകുമെന്നും അവർ വിശ്വസിക്കുന്നു. അതു സ്വീകരിക്കൽ നിർബന്ധമാണെന്ന് അവരുടെ വിശ്വാസം. അല്ലാഹുവിനെപ്പോലെ മതനിയമങ്ങൾ ഉണ്ടാക്കുവാൻ ഇവർക്കും അധികാരമുണ്ടെന്ന് അവരുടെ പക്ഷം. അപ്പോൾ മതനിയമനിർമ്മാണ കാര്യത്തിൽ പണ്ഡിതന്മാരെയും പിരോഹിതന്മാരെയും ഇവർ അല്ലാഹുവിനോട് പങ്ക് ചേർത്തു. തന്മൂലം അവർ മുശ്രീക്കുകളും കാഫിറുകളുമായി.

(2) ഈ മത നേതാക്കൾക്കു മതനിയമങ്ങളുണ്ടാക്കുവാനധികാരമില്ല. അല്ലാഹു ഹറാമാക്കിയതു ഇവർ ഹലാലാക്കിയാൽ ഹലാലാവുകയില്ല. അപ്രകാരം തന്നെ അല്ലാഹു ഹലാലാക്കിയത് ഇവർ ഹറാമാക്കിയാൽ അതു ഹറാമാവുകയില്ല എന്നു ശരിയായ വിശ്വാസമുള്ളവർ. എന്നാലവർ പ്രവർത്തിയിൽ മതനേതാക്കൾക്ക് വഴിപ്പെടുന്നു. ഇവർ കാഫിറും മുശ്രിക്കുമായിപ്പോയിയെന്നു പറയാൻ പാടുള്ളതല്ല.

അമുസ്ലിം ഗവൺമെന്റുകളുടെ നിയമനിർമ്മാണംകൊണ്ടു അല്ലാഹുവിന്റെ വിധിക്കു യാതൊരിളക്കവും ഉണ്ടാവുകയില്ലെന്നും അതിനാൽ കഴിയുന്നത്ര അല്ലാഹുവിന്റെ നിയമങ്ങൾക്ക് വിരോധമായി ഉണ്ടാക്കപ്പെടുന്ന നിയമങ്ങളെ തടയണമെന്നും നിഷ്ടവെച്ച് അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുവാനായി ആർ പരിശ്രമിക്കുന്നുവോ അവരാണ് അല്ലാഹുവിന്റെ സജ്ജനങ്ങൾ.